പതിമൂന്നാം കേരള നിയമസഭ

അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 996 — 14.06.2012ൽ മറുപടിയ്ക്ക്

## കാലിക്കറ്റ് യൂണിവേഴ്സിറ്റി ലെയ്സൺ ഓഫീസർ തസ്തികയിലെ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| കെ. സുരേഷ് കുറുപ്പ് | | ശ്രീ. പി.കെ.അബ്ദു റബ്ബ്, ((ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)) | |
| എ) | ശ്രീമതി അശ്വതി പത്മസേനനെന്ന യുവതിക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ, ഡൽഹിയിലെ ലെയിസൺ ആഫീസറായി ജോലി നൽകാൻ നിർദ്ദേശം നൽകിയിരുന്നുവോ; എങ്കിൽ യൂണിവേഴ്സിറ്റി ജോലി നൽകുകയുണ്ടായോ; | എ) | ഇല്ല. ന്യൂഡൽഹിയിൽ സർവ്വകലാശാലയുടെ പ്രോജക്ടുകളുടെ ഏകോപനത്തിനും യു.ജി.സി. മറ്റ് ധനസഹായ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്ന് ധനസഹായം നേടുന്നതിനും വേണ്ടി താൽക്കാലികമായി കരാറടിസ്ഥാനത്തിൽ തുടക്കത്തിൽ പ്രതിമാസം 15,000 രൂപ ശമ്പളത്തിൽ ഒരു ലെയ്സൺ ഓഫീസറെ നിയമിക്കാനുള്ള നിർദ്ദേശം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ വൈസ്ചാൻസലർ ഉത്തരവിട്ടിരുന്നു. പ്രസ്തുത നിർദ്ദേശം സിൻഡിക്കേറ്റ് പരിഗണിച്ച് ഉചിതനടപടി കൈക്കൊള്ളാൻ വൈസ് ചാൻസലറെ അധികാരപ്പെടുത്തുകയുണ്ടായി. ഇതിൻപ്രകാരം ഒരു വാക്-ഇൻ-ഇന്റർവ്യൂ നടത്തുന്നതിനായി 21/12/2011-ന് പത്രക്കുറിപ്പ് |

| | | | |
|---|---|---|---|
| | | | ഇറക്കുകയും 28/12/2011-ന് ഇന്റർവ്യൂ നടത്തുകയും ശ്രീമതി. അശ്വതി പത്മസേനനെ കരാറടിസ്ഥാനത്തിൽ 6 മാസത്തേക്ക് 15,000 രൂപ മാസ ശമ്പളത്തിൽ ന്യൂഡൽഹിയിൽ ലെയ്സൺ ഓഫീസറായി 10/01/2012-മുതൽ നിയമിക്കുകയും ചെയ്തു. |
| ബി) | എങ്കിൽ ശ്രീമതി അശ്വതി പത്മസേനനെ നിയമിച്ച തസ്തികയിലേയ്ക്ക് മുൻപ് അപേക്ഷ ക്ഷണിച്ചിട്ടുണ്ടായിരുന്നുവോ; | ബി) | ഇല്ല. |
| സി) | പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം ലഭിക്കുന്നതിനാവശ്യമായ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയും, വേതനവും സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്; | സി) | യോഗ്യത ബിരുദാനന്തര ബിരുദം, ചുറുചുറുക്കും കാര്യപ്രാപ്തിയും. പ്രായം നിശ്ചയിച്ചിട്ടില്ല.വേതനം പ്രതിമാസം 15,000 രൂപ. |
| ഡി) | പ്രസ്തുത യുവതി നൽകിയ അപേക്ഷയിൽ വി.സി നൽകിയ ഉത്തരവടക്കമുള്ള രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ? | ഡി) | വാക്-ഇൻ-ഇന്റർവ്യൂവിൽ പങ്കെടുത്തവരുടെ ബയോഡാറ്റായും തുടർന്നുള്ള നിയമന ഉത്തരവിന്റെ പകർപ്പും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്